**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2970** **25-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരത്തിലുണ്ടാകുന്ന വെള്ളക്കെട്ടും മഴക്കെടുതികളും നേരിടുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അതിതീവ്ര വേനൽ മഴയെ തുടർന്ന് കിള്ളിയാറിന്റെയും കരമനയാറിന്റെയും സംരക്ഷണ ഭിത്തികൾക്കുണ്ടായ കേടുപാടുകളെയും മണ്ണിടിച്ചിൽ ഉൾപ്പെടെയുള്ള നാശനഷ്ടങ്ങളെയും സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | അതിതീവ്ര വേനൽ മഴയെ തുടർന്ന് കിള്ളിയാറിന്റെയും കരമനയാറിന്റെയും സംരക്ഷണ ഭിത്തികൾക്കുണ്ടായ കേടുപാടുകളുടെയും മണ്ണിടിച്ചിൽ ഉൾപ്പെടെയുള്ള നാശനഷ്ടങ്ങളെയും സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതി എന്തെങ്കിലും രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതി ഒന്നും രൂപീകരിച്ചിട്ടില്ല.<br><br>എന്നാൽ മെയ് മാസമുണ്ടായ അതിതീവ്രമഴയെ തുടർന്ന് കരമനയാറിലെയും കിള്ളിയാറിലെയും സംരക്ഷണ ഭിത്തികൾക്ക് കാര്യമായ കേടുപാടുകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുനർനിർമ്മാണം നടത്തുന്നതിനായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും ഭരണാനുമതി ലഭ്യമായ പ്രവൃത്തികൾ നടപ്പിലാക്കി വരികയുമാണ്. മറ്റു പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ മുൻഗണനയും പരിഗണിച്ച് ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |
| (സി) | അതിതീവ്ര മഴയെ തുടർന്ന് തിരുവനന്തപുരം നഗരത്തിലുണ്ടാകുന്ന വെള്ളക്കെട്ടും മഴക്കെടുതികളും നേരിടുന്നതിന് ജലവിഭവ വകുപ്പ് പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | തിരുവനന്തപുരം ജില്ലയിലെ നഗരപ്രദേശങ്ങളിലുണ്ടാകുന്ന വെള്ളകെട്ടും മഴക്കെടുതിയും നേരിടുന്നതിനായി Urban Flood Risk Management Program (UFRMP) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 200 കോടി രൂപയുടെ പ്രളയ പ്രതിരോധ പ്രൊപ്പോസൽ സമർപ്പിക്കുവാൻ National Disaster Management Authority(NDMA) നിർദേശിച്ചിട്ടിട്ടുള്ളതാണ്.<br><br>ആയതുമായി ബന്ധപ്പെട്ട് 19/06/2024-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയുമുണ്ടായി. ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തികൾക്ക് |

| | | | |
|---|---|---|---|
| | | | അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ